## LIFE മിഷൻ – 31.07.2017 ൽ മുഖ്യമന്ത്രി വിളിച്ച ചേർത്ത മന്ത്രിതലയോഗത്തിന്റെ മിനിറ്റ്സ്

ബഹു.മുഖ്യമന്ത്രിയുടെ ചേംബറിൽ 3.30pm–ന് യോഗം ആരംഭിച്ചു.

പ്രാരംഭമായി, LIFE സമ്പൂർണ്ണ ഭവന പദ്ധതി അതിന്റെ ഫീൽഡുതല പ്രവർത്തനങ്ങളിലേക്കു കടന്നിരിക്കുന്ന സാഹചര്യത്തിൽ, ആദ്യ ഘട്ടമായി നടപ്പാക്കേണ്ട "പണിതീരാതെ കിടക്കുന്ന വീടുകളുടെ പൂർത്തീകരണം" സംബന്ധിച്ച വിശദാംശങ്ങൾ LIFE മിഷൻ CEO അവതരിപ്പിച്ചു.

- 2016 മാർച്ച് 31–നു മുമ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ മറ്റേതെങ്കിലും സർക്കാർ വകുപ്പുകളോ വഴി ധനസഹായം ലഭ്യമാക്കിക്കൊണ്ട് നിർമ്മാണം ആരംഭിച്ച്, ഏതെങ്കിലും കാരണവശാൽ ലഭ്യമായ ധനസഹായഗഡുവിന് തുല്യമായി പണിതീർക്കേണ്ടിയിരുന്ന നിർമ്മാണഘട്ടം എത്തിക്കാൻ കഴിയാതെ അടുത്തഘട്ടം ധനസഹായം മുടങ്ങുകയും, ഇപ്പോഴും പണിതീർക്കാനാകാതെ കിടക്കുകയും ചെയ്യുന്ന വീടുകളെയാണ് പൂർത്തീകരിക്കാത്ത വീടുകളായി വിവക്ഷിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ ഭവനപദ്ധതി തിരിച്ച് ഈ വിഭാഗത്തിൽ ഉൾപ്പെടുന്ന വീടുകളുടെ കണക്ക് തയ്യാറാക്കിവരുന്നു. ഇത് 10.08.2017–ഓടെ ലഭ്യമാകും.
- പ്രാഥമിക വിവരങ്ങൾ കാണിക്കുന്നത് സംസ്ഥാനമൊട്ടാകെ 70,000–ത്തോളം വീടുകൾ ഈ വിഭാഗത്തിലുണ്ടാകുമെന്നാണ്. ഇതിനുള്ള പ്രവർത്തനങ്ങൾ ഉടനേ ആരംഭിക്കുകയും 2019 മാർച്ച് 31–നു മുമ്പായി പൂർണ്ണ ഫലപ്രാപ്തിയിലേക്ക് എത്തുകയും വേണം.
- പരമാവധി 400 ചതുരശ്രയടി പ്ലിന്ത് ഏരിയ വരുന്ന ഭവനം അഥവാ ഭവനഭാഗം (അടുക്കള, പൊതു ഉപയോഗഹാൾ, കുറഞ്ഞത് ഒരു കിടപ്പുമുറി, ശുചിമുറി എന്നിവ ഉൾപ്പെടുന്നത്) പൂർത്തീകരിക്കുന്നതിനായി സർക്കാർ സഹായം നൽകേണ്ടത് എന്ന് നിശ്ചയിക്കുകയും, പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള യൂണിറ്റ് കോസ്റ്റ് നാലു ലക്ഷം രൂപയായി കണക്കാക്കുകയും അത് നാലു ഗഡുക്കളായി തിരിച്ച് നൽകുകയും ചെയ്യാം എന്ന തീരുമാനിക്കുന്നതും വേഗത്തിലുള്ള നിർവ്വഹണത്തിന് ആവശ്യമാണ് എന്ന് LIFE മിഷൻ CEO അറിയിച്ചു.

മുൻകാലത്തു ഭാഗികമായി പണിത വീടുകളുടെ പണി പുനരാരംഭിക്കുമ്പോൾ നിർമ്മിച്ച ഭാഗത്തിന് ബലക്ഷയമുണ്ടായിട്ടുണ്ടോ പണിതീരാൻ യഥാർത്ഥത്തിൽ ഇനി എത്ര തുക വേണം എന്ന സാങ്കേതിക പരിശോധനകൾ നടത്തേണ്ടതുണ്ടെന്ന് ബഹു.ധനകാര്യ മന്ത്രി ശ്രീ തോമസ് ഐസക്ക് ചൂണ്ടിക്കാട്ടി. അതിനുള്ള നടപടികൾ TPTA യിലെ വിദഗ്ധരുടെ സഹായത്തോടെ 2017 ഒക്ടോബർ 2–നു മുമ്പായി നടത്താൻ ലക്ഷ്യമിടാമെന്ന് മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ശ്രീ എം. ശിവശങ്കർ അറിയിച്ചു.

ഇതനുസരിച്ച് പണിതീരാതെ കിടക്കുന്ന വീടുകളുടെ പൂർത്തീകരണത്തിനും എല്ലാ ജില്ലയിലും ഓരോ പൈലറ്റ് ഭവന സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുമാണ് ഈ സാമ്പത്തിക വർഷത്തിൽ LIFE മിഷൻ മുൻഗണന നൽകുന്നതെന്ന് ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ കെ.ടി ജലീൽ കൂട്ടിച്ചേർത്തു.

വിവിധ ഭവന പദ്ധതികളിലായി ആരംഭിച്ചവയാണെങ്കിലും പണിതീരാതെ കിടക്കുന്ന വീടുകളുടെ പൂർത്തീകരണം ഒരൊറ്റ പ്രവൃത്തിയായി നടപ്പാക്കുന്നതിലൂടെ ഫണ്ടു വിനിയോഗം സുതാര്യവും എളുപ്പവുമാക്കുന്നതാണ് ഉചിതമെന്ന് ചീഫ് സെക്രട്ടറി ശ്രീമതി നളിനി നെറ്റോ ചൂണ്ടിക്കാട്ടി.

താഴെപ്പറയുന്ന തീരുമാനങ്ങൾ യോഗം അംഗീകരിച്ചു

1. പട്ടികവർഗ്ഗ വിഭാഗങ്ങൾ ഒഴികെയുള്ളവർക്കായുള്ള പണിതീരാത്ത വീടുകളുടെ പൂർത്തീകരണത്തിന് ഏതു ഭവന പദ്ധതിയിൽ ആരംഭിച്ചവയാണെങ്കിലും നിലവിൽ യൂണിറ്റ് കോസ്റ്റ് നാലുലക്ഷം എന്ന് ഏകീകരിക്കാവുന്നതാണ്.

2. ഇത് ബേയ്സ്മെന്റ് പൂർത്തിയാകുമ്പോൾ 10ശതമാനം, ചുമരുകൾ മേൽക്കൂര നിരപ്പ് വരെ പൂർത്തിയാകുമ്പോൾ 45 ശതമാനം, മേൽക്കൂര പൂർത്തിയാകുമ്പോൾ 25 ശതമാനം, ഫിനിഷിങ്ങ് പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ 20 ശതമാനം എന്നിങ്ങനെ നാലുഘട്ടങ്ങളായി പരിഗണിക്കുകയും നിലവിൽ ഗുണഭോക്താവ് ഏതു സ്റ്റേജു വരെയുള്ള ധനസഹായമാണോ കൈപ്പറ്റിയിട്ടുള്ളത് അതിനു ശേഷമുള്ള ഗഡുക്കൾ മാത്രം പുതിയനിരക്കിൽ കണക്കാക്കി നൽകുകയും ചെയ്യാവുന്നതാണ്.

3. പണി പുനരാരംഭിക്കുന്നതിനു സഹായകമായി, പുതുക്കിയ ധനസഹായ നിരക്കിൽ വരുന്ന ആദ്യഗഡുവോ അതിലൊരു ഭാഗമോ മുൻകൂറായി നൽകാവുന്നതാണ്. (ഇതു കണക്കാക്കേണ്ട രീതി അനുബന്ധം 1 -ൽ പട്ടികകളായി നൽകുന്നു.)

4. പരമാവധി 400 ചതുരശ്രയടി പ്ലിന്ത് ഏരിയ വരുന്ന ഭവനം അഥവാ ഭവനഭാഗം (അടുക്കള, പൊതു ഉപയോഗഹാൾ, കുറഞ്ഞത് ഒരു കിടപ്പുമുറി, ശുചിമുറി എന്നിവ ഉൾപ്പെടുന്നത് ) പൂർത്തീകരിക്കുന്നതിനാണ് സഹായം നൽകേണ്ടത്.
5. ഇതിനനുയോജ്യമായി രൂപകല്പനയിൽ മാറ്റം ആവശ്യമെങ്കിൽ അത് TPTA യിലെ വിദഗ്ധരുടെ സഹായത്തോടെ വരുത്തി പണിതീർക്കണം. ഇത്തരത്തിൽ കെട്ടിട രൂപകല്പനയിൽ മാറ്റം വരുത്തുന്നതിന് സാങ്കേതികസഹായം ആവശ്യമില്ലാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ആദ്യഘട്ടത്തിൽ മുൻഗണന നൽകണം.
6. സാമ്പത്തിക തടസ്സം കൊണ്ടുമാത്രം പണിമുടങ്ങിയവ (സാങ്കേതികമോ നിയമപരമോ ആയ പ്രശ്നങ്ങൾ ഇല്ലാത്തവ) 2017 നവംബർ 1നു പണി പുനരാരംഭിച്ച് 2018 മാർച്ച് 31നു മുമ്പ് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടേണ്ടത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇതിനനുസരിച്ച് തങ്ങളുടെ പദ്ധതി രേഖകളും അടങ്കലും പുനഃക്രമീകരിക്കാൻ നിർദ്ദേശിക്കാനുള്ള നിർദ്ദേശം സർക്കാർ ഉത്തരവായി പുറപ്പെടുവിക്കണം.
7. സാങ്കേതികമോ നിയമപരമോ ആയ പ്രശ്നങ്ങളുള്ളവയ്ക്ക് പ്രത്യേകം പരിശോധിച്ചു 2018 ജനുവരി 1നു മുമ്പായി പരിഹാരമുണ്ടാക്കി നിർമ്മാണം നടത്താനുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്.
    a. സാങ്കേതിക പ്രശ്നങ്ങൾ- ഉയർന്ന തറവിസ്തൃതിയിൽ പണി തുടങ്ങിയതിനാൽ രൂപകല്പനയിൽ മാറ്റം വരുത്തേണ്ടവ, ചുവരുകൾ പണിതീർന്ന് ഏറെക്കാലമായതിനാൽ മേൽക്കൂര നിർമ്മിക്കുന്നതിനുമുമ്പായി പ്രത്യേകം ശക്തിപ്പെടുത്തൽ ആവശ്യമായവ തുടങ്ങിയവയാണ് ഇതിൽ പെടുക. ഇവ പരിഹരിക്കുന്നതിന് TPTA യിലെ വിദഗ്ധരുടെ സഹായത്തോടെ 2017 ഒക്ടോബർ 2-നു മുമ്പായി പരിശോധന നടത്തി പ്രവർത്തന പരിപാടി തയ്യാറാക്കണം
    b. നിയമപ്രശ്നങ്ങൾ- നിലം നികത്തിയ ഭൂമി, പുറമ്പോക്ക്, അതിർത്തി തർക്കം തുടങ്ങിയവയാണ് ഇതിൽ പെടുക. ഇവ പരിഹരിക്കുന്നതിന് തദ്ദേശ സ്വയം ഭരണസ്ഥാപന ഭരണ സമിതിയുടെയോ ജില്ലാ കളക്ടറുടെയോ പ്രത്യേക അനുമതി ഉത്തരവ്, പ്രാദേശികമായി ജനപ്രതിനിധികളുടെയോ പൊതുസമ്മതരായ വ്യക്തികളുടെയോ മദ്ധ്യസ്ഥതയിലുള്ള ഇടപെടലുകൾ തുടങ്ങിയവ ആവശ്യമാകാം.

        - ഇക്കാര്യത്തിൽ 2017 ഒക്ടോബർ 2-നു മുമ്പായി ഓരോ പ്രത്യേക കേസിലും ആവശ്യമായ നടപടി എന്തെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ നേതൃത്വത്തിൽ കണ്ടെത്തി പട്ടികപ്പെടുത്തണം. തുടർന്ന്

ആവശ്യമായ നടപടികൾ സ്വീകരിക്കുകയും 2017 നവംബർ 1-ന മുമ്പായി പ്രശ്നപരിഹാരത്തിലേക്ക് എത്താൻ കഴിയുന്ന പ്രവർത്തനപദ്ധതി തയ്യാറാക്കി നടപ്പാക്കണം.

8. സംസ്ഥാന ബജറ്റിൽ ഭവനമേഖലയ്ക്കായി നീക്കിവച്ചിട്ടുള്ള 1659.37 കോടി രൂപ പൂർണ്ണമായും LIFE മിഷൻ വഴി വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണമുണ്ടാക്കാവുന്നതാണ്. ഇതിനായി ഒരു ഐ.ടി അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തണം.
9. നിലവിലുള്ള പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള ബാക്കി ധനസഹായം നൽകുന്നതിനാവശ്യമായ തുകയായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നീക്കി വയ്ക്കുന്ന തുകയ്ക്ക് തുല്യമായ തുക, സംസ്ഥാനതലത്തിൽ അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട വിഹിതമായി ഈ വർഷത്തെ പദ്ധതിയിൽ വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്ന് അനുവദിക്കുന്നതാണ്. ഇങ്ങനെ അനുവദിക്കുന്ന തുക ഉപയോഗിച്ച് LIFE മിഷൻ ഭവന സമുച്ചയത്തിന് അനുയോജ്യമായ ഭൂമി വാങ്ങി സർക്കാരിനു ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിനുള്ള നടപടികൾ വിശദമായി തയ്യാറാക്കി നൽകണം.
10. മേൽപ്പറഞ്ഞവയ്ക്ക് പുറമേ ഭൂമിയുള്ള ഭവനരഹിതർക്കും ഭൂരഹിത ഭവനരഹിതർക്കുമുള്ള വീടുകളുടെ നിർമ്മാണം സംബന്ധിച്ച് ഭൂമി ഏറ്റെടുക്കലുകൾ, സാമ്പത്തിക മോഡൽ, പദ്ധതി ഏകോപനം, യൂണിറ്റ് കോസ്റ്റ്, രൂപകല്പനാ പ്രമാണവത്ക്കരണം തുടങ്ങിയ കാര്യങ്ങളിൽ വിശദാംശപരിശോധന നടത്തി തീരുമാനങ്ങളെടുക്കുന്നതിന് 13.07.2017-ലെ LIFE മിഷൻ യോഗത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള രണ്ടു സമിതികൾ രൂപീകരിച്ചിരുന്നു. പ്രവർത്തന സൌകര്യത്തിനായി ഇത് താഴെപ്പറയുന്ന വിധം ഒരൊറ്റ LIFE മിഷൻ ഉപസമിതിയാക്കേണ്ടതാണ്.

<u>ഉപസമിതി അംഗങ്ങൾ</u>

| | |
|---|---|
| ചീഫ് സെക്രട്ടറി | – അദ്ധ്യക്ഷ |
| അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് | – അംഗം |
| അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് | – അംഗം |
| പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് | – അംഗം |
| ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, CMO | – അംഗം |
| സർക്കാരിന്റെ വികസന ഉപദേഷ്ടാവ് | – അംഗം |
| ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, LIFE മിഷൻ | – കൺവീനർ |

ഈ സമിതി ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്ന യോഗങ്ങളിൽ ഭൂമിയുടെ ഉടമസ്ഥതയുള്ള വകുപ്പിന്റെ സെക്രട്ടറിയേയും സാങ്കേതിക കാര്യങ്ങൾ ചർച്ച ചെയ്യുന്ന തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (കെട്ടിട വിഭാഗം) വകുപ്പ് ചീഫ് ആർക്കിടെക്റ്റ് എന്നിവരേയും പ്രത്യേക ക്ഷണിതാക്കളായി വിളിക്കേണ്ടതാണ്.

4.30pm-ന് യോഗം അവസാനിച്ചു.

യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധം 2 ആയി നൽകുന്നു.

## അനുബന്ധം -1

### പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള യൂണിറ്റ് കോസ്റ്റിന്റെ നാലുഗഡുക്കളായുള്ള തരം തിരിവും പുതിയനിരക്കിൽ ധനസഹായം കണക്കാക്കേണ്ട രീതിയും

പട്ടിക–1

| നിർമ്മാണ ഘട്ടം | അനുവദനീയമായ ധന സഹായ നിരക്ക് (%) | ആകെ ധനസഹായം നാലുലക്ഷം എന്ന നിരക്കിൽ ഓരോ ഗഡുവിലും അനുവദിക്കാവുന്ന തുക (രൂപ) | ഓരോ സ്റ്റേജിലും വച്ച് ബാക്കി ലഭ്യമാക്കാവുന്ന ആകെ ധനസഹായം (രൂപ) |
|---|---|---|---|
| ബേയ്സ്മെന്റ് പൂർത്തിയാകുമ്പോൾ | 10 | 40,000.00 | 3,60,000.00 |
| ചുമരുകൾ മേൽക്കൂര നിരപ്പ് വരെ പൂർത്തിയാകുമ്പോൾ | 45 | 1,80,000.00 | 1,80,000.00 |
| മേൽക്കൂര പൂർത്തിയാകുമ്പോൾ | 25 | 1,00,000.00 | 80,000.00 |
| ഫിനിഷിങ്ങ് പ്രവൃത്തികൾ പൂർത്തിയാകുമ്പോൾ | 20 | 80,000.00 | 0 |

പട്ടിക–2

| പരിഗണനയിലുള്ള പൂർത്തീകരിക്കാത്ത വീടിന് നിലവിൽ (പഴയ സ്കീമിൽ) ഏതു ഘട്ടം വരെയുള്ള ധനസഹായം നൽകിയിട്ടുണ്ട് | ബാക്കി ലഭ്യമാക്കാവുന്ന ആകെ ധനസഹായം (രൂപ) | വീട്ടുപണി പുനരാരംഭിക്കുന്നതിന് മുൻകൂറായി നൽകാവുന്ന തുക |
|---|---|---|
| ഘട്ടം 1 – 10% മാത്രം (ബേയ്സ്മെന്റ് വരെ) | 3,60,000.00 | 1,80,000.00 |
| ഘട്ടം 1, 2– ആകെ 50% (ലിന്റൽ നിരപ്പ് വരെ) | 2,00,000.00 | 1,00,000.00 |
| ഘട്ടം 1, 2,3 – ആകെ 55% (മേൽക്കൂര നിരപ്പ് വരെ) | 1,80,000.00 | 1,00,000.00 |
| ഘട്ടം 1, 2,3,4 – ആകെ 80% (മേൽക്കൂര വരെ) | 80,000.00 | 40,000.00 |

അനുബന്ധം -2

**<u>യോഗത്തിൽ പങ്കെടുത്തവർ</u>**

1. ബഹു. മുഖ്യമന്ത്രി
2. ബഹു. ധനകാര്യമന്ത്രി
3. ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ മന്ത്രി
4. ശ്രീമതി നളിനി നെറ്റോ, ചീഫ് സെക്രട്ടറി
5. ശ്രീ. എസ്. സെന്തിൽ, അഡീ. ചീഫ് സെക്രട്ടറി, പ്ലാനിങ്
6. ശ്രീ എം ശിവശങ്കർ, ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, CMO
7. ശ്രീ സി.എസ് രഞ്ജിത്, സർക്കാരിന്റെ വികസന ഉപദേഷ്ടാവ്
8. ശ്രീ എ. ഷാജഹാൻ, സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
9. ശ്രീ ബി.എസ് തിരുമേനി, കമ്മീഷണർ, നഗരകാര്യ വകുപ്പ്
10. ശ്രീമതി (ഡോ) അദീല അബ്ദുള്ള, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, LIFE മിഷൻ
11. ശ്രീ. സി.എം. രവീന്ദ്രൻ, മുഖ്യമന്ത്രിയുടെ അഡീ. പ്രൈവറ്റ് സെക്രട്ടറി
12. ശ്രീ. കെ.പി അനിൽ , തദ്ദേശ ഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി